# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2019-2020**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**

**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-7/283/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 29/04/2021
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരിങ്കുന്നം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-12, 1-14,1-15 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ-7/283/21 തീയ്യതി: 29/04/2021

**ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 22-07-2019 മുതൽ 09-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബേബീ സനൂജ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-03-2021 | 09-03-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-03-2021 | 09-03-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സൂസനിയാമ്മ തോമസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.ജിബി ഇ.വി. അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.അനീറ്റ പി. സാമുവൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. സാമുവൽരാജ് ആർ, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ലീനകുമാരി കെ.ജി | സെക്രട്ടറി | 01-04-2019 | 24-09-2019 |
| ശ്രീമതി.ലീനകുമാരി കെ.ജി | സെക്രട്ടറി | 24-10-2019 | 31-03-2020 |
| ശ്രീ.കൃഷ്ണപിള്ള കെ.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 25-09-2019 | 23-10-2019 |
| ശ്രീമതി.ബിന്ദു ബിനു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോജോ സേവ്യർ | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീമതി.രശ്മി ഇ.എസ് | വി.ഇ.ഓ | 01-04-2019 | 31-03-2020 |
| ശ്രീ.ബോബൻ പോൾ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.കുട്ടിച്ചൻ കല്ലട | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി.ബെറ്റി ജോഷ്വ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 25-05-2019 |
| ശ്രീമതി.മിനിമോൾ ജോസഫ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 26-05-2019 | 16-09-2019 |
| ശ്രീ.റിനു തോമസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-09-2019 | 31-03-2020 |
| ഡോ.ജോതിലക്ഷ്മി എൽ | ആയുർവ്വേദം,മെഡിക്കൽ | 01-04-2019 | 10-07-2019 |

| | | | |
|---|---|---|---|
| | ഓഫീസർ | | |
| ഡോ.ജോതിലക്ഷ്മി എൽ | ആയൂർവ്വേദം,മെഡിക്കൽ ഓഫീസർ | 07-01-2020 | 31-03-2020 |
| ഡോ.അനു വിജയൻ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 01-04-2019 | 04-03-2020 |
| ഡോ.സ്മിത ആർ മേനോൻ | ഹോമിയോ,മെഡിക്കൽ ഓഫീസർ | 05-03-2020 | 31-03-2020 |
| ഡോ.പ്രവീൺ സി,തോമസ് | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2019 | 06-11-2019 |
| ഡോ.ജെറി സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 07-11-2019 | 31-03-2020 |
| ശ്രീമതി.മരിയ ജോർജ് | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.സുജ സെബാസ്റ്റ്യൻ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.ലൂസി ജോർജ് | ഹെഡ്മാസ്ററർ | 01-04-2019 | 30-04-2019 |
| ശ്രീമതി.ലത ഇ.എൻ | ഹെഡ്മാസ്ററർ | 01-05-2019 | 30-05-2019 |
| ശ്രീമതി.ഗീത പി.എസ് | ഹെഡ്മാസ്ററർ | 31-05-2019 | 01-11-2019 |
| ശ്രീ. പ്രസാദ്. പി. നായർ | ഹെഡ്മാസ്റ്റർ | 31-05-2019 | 01-11-2019 |
| ഡോ. ലിലി ജേക്കബ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 11-07-2019 | 06-01-2020 |

**ഉള്ളടക്കം**



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: R.Samuelraj (Senior Grade Auditor, On 02-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: E.V.Gibi (Asst. Audit Officer, On 04-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-2 |
| 3 | ഫണ്ട് വിനിയോഗം<br>Written By: E.V.Gibi (Asst. Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: E.V.Gibi (Asst. Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: R.Samuelraj (Senior Grade Auditor, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: Susaniamma Thomas (Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-6 |
| 7 | പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം<br>Written By: Susaniamma Thomas (Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-6-1 |
| 8 | ക്യാഷ് പരിശോധന<br>Written By: Susaniamma Thomas (Audit Officer, On 04-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Susaniamma Thomas (Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-8 |
| 10 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: E.V.Gibi (Asst. Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-9 |
| 11 | വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ- സഞ്ചയ സാംഖ്യയിൽ വ്യത്യാസം<br>Written By: E.V.Gibi (Asst. Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 1-9-1 |
| 12 | തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ്- വാർഷിക കണക്കിലെ തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല<br>Written By: E.V.Gibi (Asst. Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 29-04-2021) | 1-9-2 |
| 13 | കാലാവധി കഴിഞ്ഞ ചെക്കുകൾ യഥാവിധി അക്കൌണ്ട് ചെയ്തിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 08-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-9-3 |
| 14 | പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തിയുടെ തുക യഥാവിധി അക്കൌണ്ട് ചെയ്തിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 08-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-9-4 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 17-04-2021) | 1-9-5 |
| 16 | ട്രഷറി സേവിംഗ് ബാങ്ക് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല<br>Written By: E.V.Gibi (Asst. Audit Officer, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 1-9-6 |
| 17 | ഐ.സി.ഡി.എസ്. വരവ് തുക പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 23-04-2021)<br>Last Updated By: E.V.Gibi (Asst. Audit Officer, On 23-04-2021) | 1-9-7 |
| 18 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ<br>Written By: R.Samuelraj (Senior Grade Auditor, On 04-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-10 |
| 19 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്<br>Written By: R.Samuelraj (Senior Grade Auditor, On 04-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-11 |
| 20 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല<br>Written By: R.Samuelraj (Senior Grade Auditor, On 05-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-12 |
| 21 | ദുരിതാശ്വാസ നിധി സംബന്ധിച്ച്<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-13 |
| 22 | പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-14 |

| | | |
|---|---|---|
| 23 | ദുരന്തനിവാരണ മാനേജ്മെന്റ്<br>Written By: Susaniamma Thomas (Audit Officer, On 07-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-15 |
| 24 | മുന്റിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുവാനുള്ള കാലതാമസം<br>Written By: Susaniamma Thomas (Audit Officer, On 07-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-16 |
| 25 | വാർഷിക പ്രൊക്യൂർമെന്റ് പ്ലാനിംഗ് നടത്തിയില്ല<br>Written By: E.V.Gibi (Asst. Audit Officer, On 08-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-17 |
| 26 | പദ്ധതി-തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം-സബ്സിഡി അധികം നല്കിയത്<br>Written By: Anitta P Samuel (Asst. Audit Officer, On 08-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-18 |
| 27 | എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല- ₹600000/- ചെലവ് തടസ്സം<br>Written By: Susaniamma Thomas (Audit Officer, On 08-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-19 |
| 28 | ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചിട്ടില്ല<br>Written By: R.Samuelraj (Senior Grade Auditor, On 08-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-20 |
| 29 | ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല<br>Written By: E.V.Gibi (Asst. Audit Officer, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-21 |
| 30 | സേവനാവകാശനിയമം- വിജ്ഞാപനം സംബന്ധിച്ച്<br>Written By: R.Samuelraj (Senior Grade Auditor, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 1-22 |
| 31 | റിട്രോഫിറ്റിംഗ്-ചെലവ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Anitta P Samuel (Asst. Audit Officer, On 09-03-2021)<br>Last Updated By: V G Sajimon (Audit Officer, On 29-04-2021) | 1-23 |
| 32 | തെരുവ് വിളക്കുകളുടെ പരിപാലനം- നിർദേശങ്ങൾ പാലിക്കുന്നില്ല<br>Written By: R.Samuelraj (Senior Grade Auditor, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 1-24 |
| 33 | ലൈഫ് -പദ്ധതി അവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 1-25 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | പദ്ധതി-തെങ്ങ്,ജാതി കർഷകർക്ക് ജൈവവളം വിതരണം-സബ്സിഡി അധികം നല്കിയത്<br>Written By: Anitta P Samuel (Asst. Audit Officer, On 13-04-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Susaniamma Thomas (Audit Officer, On 04-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Susaniamma Thomas (Audit Officer, On 04-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-8 |
| 8 | ചാർജ്/സർചാർജ്<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 19-04-2021) | 4-9 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: R.Samuelraj (Senior Grade Auditor, On 09-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 4-10 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Susaniamma Thomas (Audit Officer, On 06-03-2021)<br>Last Updated By: Susaniamma Thomas (Audit Officer, On 28-04-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

31.1.2019 ലെ തീരുമാന നമ്പർ 1 പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസാക്കിയ 2019-20-ലെ പുതുക്കിയ ബജറ്റ് 14.2.2019-ലെ പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | ₹4809398 |
| വരവ് | ₹86036500 |
| ചെലവ് | ₹88042165 |
| നീക്കിയിരിപ്പ് | ₹2803733 |

സർക്കാർ അതുസമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കുന്ന ചട്ടങ്ങൾക്കും വിധേയമായി 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് അടങ്ങുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15നു മുമ്പായി സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് നൽകേണ്ടതുമാണ് [സെക്ഷൻ 214 (1)]. സ്റ്റാന്റിംഗ് കമ്മിറ്റികൾ അപ്രകാരം ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല. ബജറ്റ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പ്രസ്തുത നിയമത്തിലെ 214 (1 എ) പ്രകാരം ബജറ്റ് പാസാക്കി കഴിഞ്ഞാലുടനെ അതിന്റെ പകർപ്പുകൾ സർക്കാരിനും അതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥർക്കും ആഡിറ്റർമാർക്കും നൽകേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം നൽകിയതായി കാണുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടില്ല.

2019-20ലെ ബജറ്റ് എസ്റ്റിമേറ്റും വാർഷിക കണക്കുകളും തമ്മിൽ വളരെയധികം അന്തരമുണ്ട്. പ്രധാന വരവ് ചെലവ് ഇനങ്ങളിലെ ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം | | ഇനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് (₹) | വാർഷിക കണക്കുകൾ പ്രകാരമുള്ള വരവ് (₹) | വ്യത്യാസം (₹) |
|---|---|---|---|---|---|
| 1 | | **നികുതി വരവുകൾ** | | | |
| | എ | വസ്തുനികുതി | 3600000 | 2758959 | 841041 |
| | ബി | തൊഴിൽ നികുതി | 1600000 | 777710 | 822290 |
| 2 | | **നികുതിയേതര വരവുകൾ** | | | |
| | എ | | | | |
| | ബി | ലൈസൻസ് | 300000 | 162000 | 138000 |
| | സി | പെർമിറ്റ് ഫീ | 200000 | 1700006 | 29994 |
| | ഡി | ഫാറം വില | 200000 | 65195 | 134805 |
| | ഇ | പെനാൽറ്റീസ് ഫൈൻസ് | 15000 | 20447 | 129553 |
| | | മറ്റ് വരവുകൾ | | | |
| 4 | എ | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | 9245000 | 2429949 | 6815051 |
| 5 | ബി | ഭരണ ചെലവുകൾ | 1606000 | 1357051 | 248949 |

വകയിരുത്തിയതിൽ കൂടുതൽ ചെലവഴിച്ചു

1994-കേരള രാജ് ആക്ട് വകുപ്പ് 214(8) പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ എന്തെങ്കിലും ചെലവ് വരുത്താൻ പാടില്ല. എന്നാൽ താഴെപറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിൽ അധികം ചെലവ് ചെയ്തു.

| ഇനം | വകയിരുത്തിയ തുക₹ | ചെലവഴിച്ച തുക ₹ |
|---|---|---|
| റോഡുകൾ | 2000000 | 3443748 |
| റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ | 500000 | 506893 |
| റോഡ് ഇതര ആസ്തികൾക്കുള്ള മെയിന്റനൻസ് പ്രോജക്ടുകൾ – ആയുർവേദം | 250000 | 269918 |

ബഡ്ജറ്റ് പാസാക്കിയ ശേഷം വരവ് ചെലവുകളിൽ അനിവാര്യമായ മാറ്റം ആവശ്യമാണെങ്കിൽ സപ്ളിമെന്ററി ബഡ്ജറ്റ് പാസാക്കണമെന്നിരിക്കെ മേൽ വ്യതിയാനത്തിനനുസരിച്ച് സപ്ലിമെന്ററി ബഡ്ജറ്റ് പാസാക്കാത്തത് ഗൗരവമായ വീഴ്ചയാണ്. ബഡ്ജറ്റ് തയ്യാറാക്കുന്നതിൽ 1994-കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 214 ഉപവകുപ്പ് വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ബജറ്റ്, വാർഷിക കണക്കുകൾ എന്നിവ താരതമ്യം ചെയ്യും നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും വിവിധ സെക്ഷനുകളിൽ നിന്നും വിവരങ്ങൾ ശേഖരിച്ചും വേണം ബജറ്റ് തയ്യാറാക്കേണ്ടത്. യഥാർത്ഥ കണക്കുകളുമായി ഗണ്യമായ വ്യത്യാസം കാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് പഞ്ചായത്തിന്റെ ധനകാര്യ മാനേജ്മെന്റിനെ പ്രതികൂലമായി ബാധിക്കും. യഥാർത്ഥ വിവരങ്ങൾ വിശകലനം ചെയ്ത് ബജറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 24.06.2020 | - | - |

### 1-3 ഫണ്ട് വിനിയോഗം

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് - പൊതുവിഭാഗം | 0 | 7474235 | 7474235 | 7301962 | 172273 |
| വികസനഫണ്ട് - എസ്.സി.പി. | 0 | 2420471 | 2420471 | 1823877 | 596594 |
| വികസനഫണ്ട് - ടി.എസ്.പി. | 0 | 229294 | 229294 | 200000 | 29294 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6028486 | 6028486 | 2553184 | 3475302 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 10259000 | 10259000 | 6576009 | 3682991 |
| മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം | 0 | 3251000 | 3251000 | 1925439 | 1325561 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവ് | 11369 | 345588 | 356956 | 104633 | 252323 |
| എൻ.ആർ.ഇ.ജി.എസ്.ഗുണഭോക്താക്കൾക്ക് നൽകുന്നത് | 0 | 4356565 | 4356565 | 4356565 | 0 |
| ഐ.സി.ഡി.എസ്. | 298398 | 953706 | 1252104 | 957081 | 295023 |
| ആർ.ജി.പി.എസ്.എ. ഗ്രാന്റ് | 76981 | 0 | 76981 | 0 | 76981 |
| മറ്റ് ഗ്രാന്റ് (ലൈഫ് മിഷൻ) | 84 | 1180000 | 1180084 | 1120000 | 60084 |
| സംസ്ഥാന വിഹിതം | | | | | |
| സാക്ഷരത | 14407 | 0 | 14407 | 0 | 14407 |
| എസ്.എസ്.എ. | 18471 | 2053 | 20524 | 0 | 20524 |
| ശുചിത്വ മിഷൻ | 1300000 | 66300 | 1366300 | 160800 | 1205500 |
| കേരളോൽസവം | 0 | 20000 | 20000 | 20000 | 0 |
| ടോട്ടൽ സാനിറ്റേഷൻ | 1314712 | 96700 | 1411412 | 15800 | 1395612 |
| വിമുക്തി | 495832 | 0 | 495832 | 0 | 495832 |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 578530 | 578530 | 578530 | 0 |
| സമ്പൂർണ്ണ ശുചിത്വം | 26170 | 0 | 26170 | 0 | 26170 |

കുറിപ്പ്

1)എൻ.ആർ.ഇ.ജി.എസ്. ഭരണചെലവ് ഇനത്തിൽ വരവ് ,ചെലവ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ പദ്ധതികൾക്കായി വകയിരുത്തിയ തുക യഥാർത്ഥ വകയിരുത്തലുമായി പൊരുത്തപ്പെടുന്നില്ല.

3) ഐ.സി.ഡി.എസ് വരവ് തുക വാർഷിക കണക്കിൽ ₹658 മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

### 1-4 പദ്ധതി അവലോകനം

2019-20 ൽ ₹61320274/- വകയിരുത്തി 131 പദ്ധതികൾ ഏറ്റെടുത്തതിൽ 92 പദ്ധതികളിലായി ₹25537436/- ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 831581 | 4 | 243323 | 29.26 |
| വെറ്ററിനറി സർജൻ | 6 | 2520000 | 6 | 1876918 | 74.48 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 4 | 982489 | 4 | 812325 | 82.68 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 100000 | 1 | 100000 | 100 |
| മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 2 | 350000 | 2 | 350000 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ. കരിങ്കുന്നം സർക്കിൾ | 10 | 14643089 | 8 | 4934245 | 33.69 |
| വി.ഇ.ഒ. നെല്ലാപ്പാറ സർക്കിൾ | 11 | 4061297 | 9 | 2257197 | 55.57 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 3316600 | 4 | 2324037 | 70.07 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 100000 | 1 | 100000 | 100 |
| സെക്രട്ടറി ഗ്രാമ പഞ്ചായത്ത് | 20 | 6379781 | 15 | 3153656 | 49.43 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 4 | 775000 | 2 | 600000 | 77.42 |
| അസിസ്റ്റന്റ് എൻജിനീയർ | 63 | 27260437 | 36 | 8785735 | 32.22 |
| ആകെ | 131 | 61320274 | 92 | 25537436 | 41.65 |

പദ്ധതി വിഹിതത്തിന്റെ മേഖല തിരിച്ചുള്ള വിനിയോഗം വിവരം ചുവടെ ചേർക്കുന്നു.

| **ഉല്പാദനം** | **ജനറൽ** | **എസ്.സി.പി.** | **ടി.എസ്.പി.** | **ധനകാര്യ കമ്മീഷൻ ഗ്രാന്റ്** |
|---|---|---|---|---|
| വകയിരുത്തൽ | 1892700 | - | - | - |
| ചെലവ് | 1354759 | - | - | - |
| **സേവനം** | | | | |
| വകയിരുത്തൽ | 6345062 | 2720422 | 244000 | 5373125 |
| ചെലവ് | 5978280 | 1897406 | 214706 | 1973983 |
| **പശ്ചാത്തലം** | | | | |
| വകയിരുത്തൽ | 1191211 | - | - | 1729000 |
| ചെലവ് | 380688 | - | - | 579201 |

തൻവർഷം അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 63 പദ്ധതികൾ ഏറ്റെടുത്തെങ്കിലും 36 എണ്ണം മാത്രമാണ് പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. കേവലം 32% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന്റെയും വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെയും കെട്ടിട നിർമ്മാണം/അറ്റകുറ്റപ്പണികൾക്കായി താഴെ പറയും പ്രകാരം 11 പദ്ധതികൾ ₹10430638/- അടങ്കലിൽ ഏറ്റെടുത്തതിൽ ഒന്നുപോലും പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|---|---|
| 1 | 62 | കൃഷി ഓഫീസ് വയറിംഗ് | 150000 | ഇല്ല |
| 2 | 63 | മൃഗാശുപത്രി മെയിന്റനൻസ് ആൻഡ് അധിക സൌകര്യം ഏർപ്പെടുത്തൽ | 150000 | ഇല്ല |
| 3 | 70 | നെല്ലാപ്പാറ ഹോമിയോ ഡിസ്പെൻസറി മെയിന്റനൻസ് | 241948 | ഇല്ല |
| 4 | 71 | ഗവൺമെന്റ്എൽ.പി.സ്കൂൾ മെയിന്റനൻസ് | 430000 | ഇല്ല |
| 5 | 72 | പഞ്ചായത്ത് ഓഫീസ് വയറിംഗ് | 1000000 | ഇല്ല |
| 6 | 73 | പഞ്ചായത്ത് ഓഫീസ് ഇന്റീരിയർ വയറിംഗ് | 1000000 | ഇല്ല |
| 7 | 98 | പഴയമറ്റം മാതൃക അംഗണവാടി അധിക സൌകര്യം ഏർപ്പെടുത്തൽ | 25000 | ഇല്ല |
| 8 | 106 | എം.സി.എഫ്. | 1300000 | ഇല്ല |
| 9 | 108 | കരിങ്കുന്നം പി.എച്ച്.സി. വനിത കൌൺസിൽ ഹാൾ | 2040000 | ഇല്ല |
| 10 | 127 | പഞ്ചായത്ത് ഓഫീസ് ബിൽഡിംഗ് പൂർത്തീകരണ പ്രവർത്തികൾ | 1056190 | ഇല്ല |
| 11 | 128 | കരിങ്കുന്നം പി.എച്ച്.സി. വയോജന ആരോഗ്യ പരിപാലന കേന്ദ്രം | 3060000 | ഇല്ല |
| | | ആകെ | 10430638 | |

ട്രഷറി നിയന്ത്രണം മൂലം പൂർത്തീകരിച്ച പദ്ധതികളുടെ തുക പിൻവലിക്കാൻ കഴിയാത്തതിനാലാണ് പദ്ധതി ചെലവ് പരിമിതപ്പെട്ട് പോയിട്ടുള്ളത് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരിക്കുന്നു.

**<u>വർക്കിംഗ് ഗ്രൂപ്പുകൾ</u>**

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ഈ വർക്കിംങ് ഗ്രൂപ്പുകൾ ചേർന്നിട്ടുള്ളത്. മിനിറ്റ്സ് ബുക്കിൽ യോഗത്തിന്റെ ഹാജർ മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. എന്തെങ്കിലും വിഷയം ചർച്ച ചെയ്തതായോ തീരുമാനം എടുത്തിട്ടുള്ളതായോ രേഖപ്പെടുത്തുന്നില്ല.

**<u>ഗ്രാമസഭ</u>**

തൻവർഷം 13 വാർഡുകളിലും 2 ഗ്രാമസഭകൾ വീതം ചേർന്നിട്ടുണ്ട്. ഗുണഭോക്തൃ തിരഞ്ഞെടുപ്പ്, വ്യക്തിഗത ആനുകൂല്യ പട്ടിക അംഗീകരിക്കൽ എന്നീ വിഷയങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത് എന്ന് കാണുന്നു. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണം, നിർണ്ണയം തുടങ്ങിയവ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെടുന്നില്ല. പരിസ്ഥിതി സംരക്ഷണം, മലിനീകരണ നിയന്ത്രണം എന്നിവയ്ക്ക് പ്രാധാന്യം നൽകുന്ന നൂതന പ്രോജക്ടുകൾ ആവിഷ്കരിക്കുന്നില്ല. ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നൽകേണ്ടതാണ്. പ്രവാസി മലയാളികൾ ഉൾപ്പെടെ പൊതുജനങ്ങളുടെ അഭിപ്രായം സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഗ്രാമസഭാ വിൻഡോ സൗകര്യം ലഭ്യമാക്കേണ്ടതാണ്. അതിൽനിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾക്ക് ഗ്രാമപഞ്ചായത്ത് അർഹമായ പരിഗണന നൽകേണ്ടതാണ്.

**<u>1-5 തൊഴിലുറപ്പ് പദ്ധതി</u>**

| **ഇനം** | **മുന്നിരിപ്പ് ₹** | **വരവ് ₹** | **ആകെ ₹** | **ചെലവ് ₹** | **നീക്കിയിരുപ്പ് ₹** |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11369 | 249500 | 260869 | 495030 | 252323 |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 000 | 4356565 | 4356565 | 4851595 | 000 |
| **ആകെ** | **11369** | **4606065** | **5112464** | **5346625** | **252323** |

**1-6 ക്ഷേമ പദ്ധതികൾ**

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 985200 | 496 |
| വിധവാപെൻഷൻ | 1966200 | 961 |
| വാർദ്ധക്യകാലപെൻഷൻ | 5236200 | 2579 |
| വികലാംഗപെൻഷൻ | 907100 | 457 |
| അവിവാഹിത പെൻഷൻ | 132000 | 62 |
| തൊഴിൽരഹിതവേതനം | 21000 | 26 |

**1-6-1 പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ കാലതാമസം**

ഗ്രാമപഞ്ചായത്തിൽ സ്വീകരിക്കുന്ന വിവിധ സാമൂഹ്യക്ഷേമ പെൻഷൻ അപേക്ഷകൾ അന്വേഷണ ഉദ്യോഗസ്ഥർക്കു യഥാസമയം കൈമാറി അവരുടെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ച് തീർപ്പു കല്പിക്കേണ്ടതാണ്. ഇത്തരത്തിൽ ലഭിക്കുന്ന ഓരോ അപേക്ഷയും തീർപ്പാക്കുന്നതിന് വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ ചട്ടങ്ങൾ പ്രകാരം സർക്കാർ സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

സമയപരിധി കേവലം ഒന്നര മാസം മുതൽ രണ്ടു മാസം വരെയായിരിക്കെ അപേക്ഷകളിൽ തീരുമാനമെടുക്കാൻ കാലതാമസമുണ്ടാകുന്നതായി രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വെളിവാക്കുന്നു. പല അപേക്ഷകളും അന്വേഷണ ഉദ്യോഗസ്ഥന് കൈമാറിയതു വരെയുള്ള വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്. സമൂഹത്തിൽ ഏറ്റവും പാർശ്വവത്ക്കരിക്കപ്പെട്ടവരും സാമ്പത്തികപരവും ആരോഗ്യപരവുമായി ഏറെ പിന്നിൽ നിൽക്കുന്നവരുമായ ജനവിഭാഗത്തിന് ഒരു കൈത്താങ്ങ് എന്ന നിലയിൽ സർക്കാർ അവതരിപ്പിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അർഹമായ കൈകളിലേക്ക് താമസംവിനാ എത്തിക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ് ബുക്കിൽ അന്വേഷണ റിപ്പോർട്ട് ലഭിച്ച വിവിധ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമർപ്പിക്കപ്പെട്ട മുഴുവൻ അപേക്ഷകളും യഥാവിധി തീർപ്പാക്കിയെന്ന് ഉറപ്പു വരുത്തിയിട്ടില്ല. ഭരണസമിതി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, അന്വേഷണ ഉദ്യോഗസ്ഥർ എന്നിവരുടെ സത്വര ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

**1-7 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 03.03.2021-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹19690/--യുടെ ബാലൻസ് ബോദ്ധ്യപ്പെട്ടു.

**1-8 ആഭ്യന്തര നിയന്ത്രണം**

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തിയിട്ടുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ സർക്കാർ സർക്കുലറിൽ നിർദ്ദേശിക്കും പ്രകാരം പരിപാലിക്കേണ്ടതാണ്. തൻപതിവേട് യഥാവിധി പരിപാലിക്കുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.
സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യ സ്റ്റൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവിലെ പുരോഗതി സംബന്ധിച്ചും ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികളെക്കുറിച്ചും ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് സംവിധാനം നടപ്പിലാക്കുന്നില്ല.

**സർവ്വീസ് ബുക്ക്**

സർക്കാർ സർവ്വീസിൽ മൂന്ന് വർഷം പൂർത്തീകരിച്ച ജീവനക്കാർക്ക് ആർജ്ജിതാവധി ആദ്യവർഷ സേവനത്തിന് പതിനൊന്നിന് ഒന്ന് എന്ന കണക്കിൽ അവധി പുനർനിർണ്ണയം നടത്തേണ്ടതാണ്. 3 വർഷം പൂർത്തീകരിച്ച ജീവനക്കാരുടെ ആർജ്ജിതാവധി പുനഃക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

**1-9 വാർഷിക കണക്കുകളിലെ അപാകതകൾ**

2019 -20 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

**1-9-1 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ- സഞ്ചയ സാംഖ്യയിൽ വ്യത്യാസം**

വസ്തുനികുതിയിനത്തിൽ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരവും സാംഖ്യ പ്രകാരവും വ്യതിയാനം കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വസ്തുനികുതി -റസിഡൻഷ്യൽ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |

| | സാംഖ്യ | സഞ്ചയ | വ്യത്യാസം | സാംഖ്യ | സഞ്ചയ | വ്യത്യാസം | സാംഖ്യ | സഞ്ചയ | വ്യത്യാസം |
|---|---|---|---|---|---|---|---|---|---|
| തന്നാണ്ട് | 1605190 | 1605190 | 0 | 1508907 | 1514184 | 5277 | 102091 | 48067 | 54024 |
| കുടിശിക | 0 | 13036 | 13036 | 13036 | 13036 | 0 | 0 | 0 | 0 |

| വസ്തുനികുതി -നോൺ -റസിഡൻഷ്യൽ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
| | സാംഖ്യ | സഞ്ചയ | വ്യത്യാസം | സാംഖ്യ | സഞ്ചയ | വ്യത്യാസം | സാംഖ്യ | സഞ്ചയ | വ്യത്യാസം |
| തന്നാണ്ട് | | 1301168 | 0 | 1237016 | 1227571 | 9445 | 67603 | 46291 | 21312 |
| കുടിശിക | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

**1-9-2 തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ്- വാർഷിക കണക്കിലെ തുകകൾ രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല**

എൻ.ആർ.ഇ.ജി.എസ്. ഭരണ ചെലവ് ഇനത്തിലെ വരവ് ചെലവ് തുകകൾ രജിസ്റ്റർ പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

| എൻ.ആർ.ഇ.ജി.എസ്. ഭരണച്ചെലവ് | രജിസ്റ്റർ പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 345588 | 252588 | 93000 |
| ചെലവ് | 104633 | 11634 | 93269 |

**1-9-3 കാലാവധി കഴിഞ്ഞ ചെക്കുകൾ യഥാവിധി അക്കൌണ്ട് ചെയ്തിട്ടില്ല**

ചെക്ക് നൽകി മൂന്ന് മാസത്തിനുള്ളിൽ ബാങ്കിൽ നിന്നും പണം പിൻവലിച്ചില്ലെങ്കിൽ ആയത് വാർഷിക കണക്കിൽ Liability In Respect Of Stale Cheques എന്ന ശീർഷകത്തിലേക്ക് മാറ്റേണ്ടതാണ് എന്ന് 2011 ലെ കേരള പഞ്ചായത്ത് രാജ്( അക്കൌണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 46 ൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കരിങ്കുന്നം ഐ.ഡി.സി.ബി. യിലെ 3169 നമ്പർ സേവിംഗ് ബാങ്ക് അക്കൌണ്ടിലെ താഴെ പറയുന്ന ചെക്കുകൾ നൽകി മൂന്ന് മാസം കഴിഞ്ഞിട്ടും ബാങ്കിൽ ഹാജരാക്കി പണമാക്കിയിട്ടില്ല. ആയത് ബാലൻസ് ഷീറ്റിൽ ബാദ്ധ്യതാ ഹെഡ്ഡിൽ അക്കൌണ്ട് ചെയ്തിട്ടില്ല.

| ക്രമ നം. | ചെക്ക് നം. | തീയതി | തുക |
|---|---|---|---|
| 1 | 199534 | 26.11.2019 | 600 |
| 2 | 199821 | 30.12.2019 | 1500 |

**1-9-4 പൂർത്തീകരിക്കാത്ത നിക്ഷേപ പ്രവൃത്തിയുടെ തുക യഥാവിധി അക്കൌണ്ട് ചെയ്തിട്ടില്ല**

2019-20 വർഷം പ്രോജക്ട് നമ്പർ S0010/20, പി.എച്ച്.സി. യിൽ കുഴൽ കിണറും അനുബന്ധ ഉപകരണങ്ങളും എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി ഭൂഗർഭ ജല അതോറിറ്റിയിൽ ₹292500/- ഒടുക്കിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. എന്നാൽ ടി ചെലവ് വാർഷിക കണക്കിൽ ബാലൻസ് ഷീറ്റിൽ ബി-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-9-5 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല**

2019-20 വർഷം ഗ്രാമ പഞ്ചായത്ത് സൃഷ്ടിച്ചിട്ടുള്ള ആസ്തികൾ ആസ്തിരജിസ്റ്ററിൽ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

**1-9-6 ട്രഷറി സേവിംഗ് ബാങ്ക് അക്കൌണ്ടിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമല്ല**

കരിങ്കുന്നം ഗ്രാമ പഞ്ചായത്തിന്റെ തൊടുപുഴ ട്രഷറിയിലുള്ള TSB 450250110 നമ്പർ അക്കൌണ്ടിൽ വാർഷിക കണക്ക് പ്രകാരം 31.03.2020 ൽ ₹15371928/- നീക്കിയിരിപ്പുണ്ട്. എന്നാൽ ട്രഷറി ബാലൻസ് സ്റ്റേറ്റ് മെന്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ട്രഷറിയിൽ അവശേഷിക്കുന്ന തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.

**1-9-7 ഐ.സി.ഡി.എസ്. വരവ് തുക പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല**

ഐ.സി.ഡി.എസ്. പദ്ധതിക്കായി ലഭിക്കുന്ന കേന്ദ്രവിഹിതം പൂർണ്ണമായും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ പ്രകാരം ₹474873/- ഈ ഇനത്തിൽ വരവുണ്ട്. എന്നാൽ വാർഷിക കണക്കിൽ (RP 31) ₹658/- മാത്രമാണ് വരവായി ഉൾപ്പെടുത്തിയിട്ടുള്ളത്.

**1-10 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ- അപാകതകൾ**

1996-ലെ കേരള പഞ്ചായത്ത് രാജ് **(Dangerous And Offensive Trade License)** ചട്ടങ്ങൾ എസ്.ആർ.ഒ.നം. 674/2017/എൽ.എസ്.ജി.ഡി. തീയതി. 31.10.2017 പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ഇതിലൂടെ ചട്ടങ്ങളുടെ പേര്, കേരള പഞ്ചായത്ത് രാജ് **(Issue Of License To Factories, Trades, Entrepreneurship Activities And Other Services)** ചട്ടങ്ങൾ എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്.

ഈ ഭേദഗതിയിൽ ഷെഡ്യൂൾ I ലെ ക്രമ നം.139 പ്രകാരം അബ്കാരി ഷാപ്പുകളിലെ സംഭരണവും വിൽപ്പനയും നടത്തുന്നതിനും, 149 (റീട്ടെയിൽ റേഷൻ ഡിപ്പോ), എന്നിവയ്ക്ക് ലൈസൻസ് നിർബന്ധമാണെന്ന് നിഷ്കർഷിച്ചിരിക്കെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന **കള്ളുഷാപ്പുകൾ, റേഷൻ കടകൾ** എന്നിവയിൽ നിന്നും ഓഡിറ്റ് വർഷം വരെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

**<u>ട്രേഡേഴ്സ് ലിസ്റ്റ് സഞ്ചയ വിവരങ്ങൾ തമ്മിൽ പൊരുത്തക്കേടുകൾ</u>**

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 112 സ്ഥാപനങ്ങളാണ് ഉള്ളത്. എന്നാൽ സഞ്ചയ വിവരങ്ങൾ അനുസരിച്ച് 434 വാണിജ്യ കെട്ടിങ്ങൾ നിലവിലുണ്ട്. ലൈസൻസ് രജിസ്റ്റർ പ്രകാരം 145 സ്ഥാപനങ്ങൾക്കാണ് തൻ വർഷം ലൈസൻസ് നൽകിയിട്ടുള്ളത്. പൊരുത്തക്കേടുകൾ പരിഹരിച്ച് പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകേണ്ടതാണ്

**<u>ലൈസൻസ് ഫീസ് ഈടാക്കിയതിൽ കുറവ്</u>**

കേരള പഞ്ചായത്ത് രാജ് (Issue Of License To Factories, Trades, Entrepreneurship Activities And Other Services) ചട്ടങ്ങളിലെ പട്ടിക III (ചട്ടം 18,19) IV (ചട്ടം 20,21)പ്രകാരം ചുമത്താവുന്ന ഫീസിനെക്കാൾ കുറവായിട്ടാണ് ലൈസൻസ് ഫീസ് ഈടാക്കിയിരിക്കുന്നത്.

| പേര്-സ്ഥാപനം | ആവശ്യം-ഉപയോഗം | ഉപയോഗിക്കുന്ന കുതിര ശക്തി | ഈടാക്കേണ്ട ഫീസ് ₹ | ഈടാക്കിയ ഫീസ് ₹ | കുറവ് ₹ |
|---|---|---|---|---|---|
| റോയി ജോൺ മലങ്കര എസ്റ്റേറ്റ്. | റബർ ഫാക്ടറി ജനറേറ്റർ | 1. വൈദ്യുതി കൊണ്ടല്ലാതെ മറ്റ് ശക്തി കൊണ്ട് പ്രവർത്തിപ്പിക്കുന്നവ<br>385 Kva<br>385kva=516HP<br>100 വരെ **₹500**<br>100 ന് മുകളിൽ ഓരോ HP ക്കും ₹5 വീതം<br>416x5=2080<br>500+2080 = **2580**<br>2. വൈദ്യുതി കൊണ്ട് പ്രവർത്തിപ്പിക്കുന്നവ<br>862 HP<br>200 HP വരെ – 2000<br>200 HP മുകളിൽ ഓരോ HP ക്കും ₹10 വീതം 662x10 =6620 | 9020 | 1010 | 8190 |

ഈടാക്കുവാൻ അവശേഷിക്കുന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. ചട്ടങ്ങൾ പ്രകാരമുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കാത്തതിന് വിശദീകരണം നൽകുവാൻ അറിയിച്ച് ഓഡിറ്റ് എൻക്വയറി (നം.10 തി.4.3.2021) നൽകിയെങ്കിലും മറുപടി ലഭ്യാക്കിയിട്ടില്ല.

**<u>1-11 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്</u>**

2019-20 വർഷം പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന **കള്ളുഷാപ്പുകൾ, റേഷൻ കടകൾ** എന്നിവയിൽ നിന്നും ഓഡിറ്റ് വർഷം വരെ ജീവനക്കാരുടെ തൊഴിൽ നികുതിയോ സ്ഥാപന തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല.

പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും നികുതി നിശ്ചയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-12 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നില്ല</u>**

ഇ.എം.ഡി, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനത്തിൽ 2016-17 വർഷം വരെ ₹182312/- നീക്കിയിരിപ്പുള്ളതായി കാണുന്നു. KFC Article 282 പ്രകാരം നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിച്ചില്ലെങ്കിൽ

ആയത് കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടാവുന്നതാണ്. നീക്കിയിരിപ്പ് തുകയുടെ വർഷം തിരിച്ചുള്ള വിശദാംശം തയ്യാറാക്കി കാലഹരണപ്പെട്ട തുക പഞ്ചായത്തിലേക്ക് മുതൽ കൂട്ടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 ദുരിതാശ്വാസ നിധി സംബന്ധിച്ച്**

2003-ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തു നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസ നിധി.എന്നാൽ നാളിതുവരെയും ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം 3(2) പ്രകാരം കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് അക്കൌണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-14 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന വാങ്ങൽ- മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല**

| | |
|---|---|
| പ്രോജക്ടിന്റെ പേരും നമ്പറും | മരുന്ന വാങ്ങൽ (126/19-20) |
| അടങ്കൽ തുക | ₹200,000 (മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ്) |
| ബിൽ നമ്പർ | 10/26.12.2019 പ്രാഥമിക ആരോഗ്യകേന്ദ്രം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ |

പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങുന്നതിനായി കൊല്ലത്തുള്ള കാരുണ്യ മെഡിസിൻ എന്ന സ്ഥാപനത്തിന് ₹2,00,000/- കൈമാറിയിട്ടുണ്ട്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ, രജിസ്റ്ററുകൾ എന്നിവ പ്രകാരം ₹189634/- യുടെ മരുന്നുകളാണ് നാളിതുവരെ ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി ₹10366/- യുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 ദുരന്തനിവാരണ മാനേജ്മെന്റ്**

2018 മുതൽ കേരളം നേരിടുന്ന ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വരാനിരിക്കുന്ന കാലവർഷകെടുതികളെ മുന്നിൽ കണ്ടുകൊണ്ട് പ്രതിരോധ സംവിധാനം സൃഷ്ടിക്കുന്നതിനായി 2020-21 സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണത്തിൽ ദുരിന്തനിവാരണ പദ്ധതികൾ തയ്യാറാക്കുന്നതിനായി ഗ്രാമസഭയിൽ ചർച്ചയും അംഗീകാരത്തിനുമായി സമർപ്പിക്കുകയും ദുരന്തനിവാരണത്തിനായി അടിയന്തിര സാഹചര്യത്തിൽ ഇടപെടുന്നതിന് ദുരന്തനിവാരണ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുകയും അതിൽ അതാത് വാർഡിലെ തന്നെ 20 അംഗങ്ങളെ തിരഞ്ഞെടുക്കുകയും ചെയ്തിട്ടുണ്ട്.

**1-16 മുൻറിപ്പോർട്ടിലെ ന്യൂനതകൾ പരിഹരിക്കുവാനുള്ള കാലതാമസം**

വിവിധ വിഷയങ്ങളിൽ മുൻകാല റിപ്പോർട്ടുകളിൽ പരാമർശിച്ച പോരായ്മകൾ നാളിതുവരെ പരിഹരിച്ചിട്ടില്ലായെന്ന് കാണുന്നു.

ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കും അപാകതകൾ പരിഹരിക്കുന്നതിന് നല്കുന്ന നിർദ്ദേശങ്ങൾക്കും അർഹമായ പ്രാധാന്യം സ്ഥാപനം നല്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. ഉദ്യോഗസ്ഥർ മുതൽ ഭരണസമിതി വരെയുള്ള വിവിധ തലങ്ങളിലെ ജാഗ്രതക്കുറവാണ് അപാകതകൾ ആവർത്തിക്കാൻ കാരണമെന്നു കാണാം. വിവിധ റിപ്പോർട്ടുകളിലായി പരാമർശിച്ചതും നിലവിലും ആവർത്തിക്കുന്നതുമായ അപാകതകൾ പരിഹരിക്കുന്നതിന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും സ്വീകരിച്ച നടപടിയുടെ വിശദാംശം ഓഡിറ്റിന് സമർപ്പിക്കേണ്ടതുമാണ്.

**1-17 വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് നടത്തിയില്ല**

സർക്കാർ ഉത്തരവ് ജി.ഒ (പി)259/2010/എൽ.എസ്.ജി.ഡി തിയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധസ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ്

പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യൂയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ രേഖകൾ പരിശോധിച്ചതിൽ പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സമാഹരിക്കേണ്ട മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യൂയർമെന്റ് പ്ലാനിംഗ് തൻ വർഷം തയ്യാറാക്കിയിട്ടില്ല എന്ന് കാണുന്നു. ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**1-18 പദ്ധതി-തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം-സബ്സിഡി അധികം നല്കിയത്**

പദ്ധതി-തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം

പദ്ധതി നമ്പർ-S0029/2020

ബിൽ നമ്പർ 2/19-20 തിയതി 16-12-2019 തുക 80735/-

ബിൽ നമ്പർ 6/19-20 തിയതി 6-2-2020 തുക 22140/-

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

തെങ്ങ്, ജാതി കൃഷി ചെയ്യുന്ന കർഷകർക്ക് 75% സബ്സിഡി നിരക്കിൽ ജൈവവളം വാങ്ങുന്നതിനു ധനസഹായം നല്കുന്ന പദ്ധതിയാണിത്. സ.ഉ(കൈ)നം22/2018/തസ്വഭവ തിയതി 14-2-2018 സബ്സിഡി മാർഗ്ഗ രേഖ ഖ6.1-1 പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ജൈവവളം വാങ്ങി ബിൽ ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഹാജരാക്കിയിരിക്കുന്ന ബിൽ പ്രകാരം വിവിധ നിരക്കിലാണ് ഗുണഭോക്താക്കൾ വളം വാങ്ങിയിരിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇടുക്കിയുടെ 19/12/2019 ലെ ടി.ബി(4)11514/19 ലെ കത്ത് പ്രകാരം ജൈവവളം കിലോഗ്രാമിന് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവയ്ക്ക് മേൽ ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന പരമാവധി വില കിലോഗ്രാമിന് ₹30/ആണ് . ആയതിന്റെ 75% മാത്രമാണ് പരമാവധി നൽകാവുന്ന സബസിഡി. എന്നാൽ നിശ്ചയിച്ചിട്ടുള്ള നിരക്ക് അംഗീകരിച്ച് സബ്സിഡി നൽകിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വാങ്ങിയ വളം/ കി.ഗ്രാം/ | ആകെ വില ₹ | നല്കിയ സബ്സിഡി (75%) | നല്കാവുന്നത് | അധികം |
|---|---|---|---|---|---|
| കുഞ്ഞമ്മ ചാക്കോ | Neem Cake 10kg*36=360, 10kg*32=320 | 680 | 510 | 450 | 60 |
| ജെയിംസ് മാത്യു | Neem Cake 50kg*36 Bonemeal 50kg*32 | 1800 1600 | 2550 | (2250 | 300 |
| ഭായ് മാത്യു | Bone Meal 100kg*32=3200, Neem Cake 100kg*36=3600 | 6800 | 5000 | 4500 | 500 |
| ജോഷി ജേക്കബ് | Neem Cake50kg*36=1800, Bone Meal 50kg*32=1600 | 3400 | 2550 | 2250 | 300 |
| ജെയ്സൺ ജേക്കബ് | Neemcake50kg*36=1800, Bone Meal 44kg*32=1408 | 3208 | 2400 | 2115 | 285 |

| | | | | | |
|---|---|---|---|---|---|
| ജോസഫ് കെ.ജെ | Neemcake30kg*36=1080,<br>Bonemeal30kg*32=960 | 2040 | 1530 | 1350 | 180 |
| സി.ജെ തോമസ് | Neemcake50kg*36=1800,<br>10kg*36=360 | 2160 | 1620 | 1350 | 270 |
| ജോണി ഓലിക്കൽ | Neemcake 25kg*36=900,<br>Bonemeal25kg*36=900 | 1800 | 1350 | 1125 | 225 |
| അനിൽ ജോർജ്ജ് | Neemcake 50kg*36=1800,<br>Bonemeal 50kg*32=1600 | 3400 | 2550 | 2250 | 300 |
| ഇ.പി തങ്കപ്പൻ | Bonemeal 31kg*32=992 | 992 | 740 | 697.5 | 42.5 |
| അഗസ്റ്റി ചാക്കോ | Neemcake<br>100kg*36=3600,<br>Bonemeal50kg*36=1800 | 5400 | 4050 | 3375 | 675 |
| ജോസ് ചാണ്ടി | Bonemeal50kg*32=1600,<br>Neemcake50kg*36=1800 | 3400 | 2550 | 2250 | 300 |
| സാബു കുരുവിള | Neemake100kg*36=3600 | 3600 | 2700 | 2250 | 450 |
| സാജു മാത്യൂ | Bonemeal31kg*32=992 | 992 | 744 | 697.5 | 46.5 |
| വി.ററി മത്തായി | Bonemeal20kg*32=640,<br>Neemcake20kg*36=720 | 1360 | 1020 | 900 | 120 |
| അന്നക്കുട്ടി ചാക്കോ | Bonemeal69kg*32=2208,<br>Neemake50kg*36=1800 | 4008 | 3000 | 2677.5 | 322.5 |
| ജോസഫ് ഫിലിപ്പ് | Neemcake15kg*36=540,<br>Bonemeal15kg*32=480 | 1020 | 765 | 675 | 90 |
| ജെയിംസ് മാത്യൂ | Neemcake50kg*36=1800,<br>Bonemeal50kg*32=1600 | 3400 | 2550 | 2250 | 300 |
| ബീന അലക്സാണ്ടർ | Bonemeal63kg*32= | 2016 | 1512 | 1417.5 | 94.5 |
| ഉലഹന്നാൻ | Neemcake100kg*36=3600 | 3600 | 2700 | 2250 | 450 |
| ജോഷി ജേക്കബ് | Neemcake50kg*36=1800,<br>Bonemeal50kg*32=1600 | 3400 | 2550 | 2250 | 300 |
| ജെയിസൻ ജേക്കബ് | Neemcake50kg*36=1800,<br>Bonemeal44kg*32=1408 | 3208 | 2400 | 2115 | 285 |
| നളിനി ഗോപി | Neemcake9kg*36=324,<br>Bonemeal9kg*32=288 | 612 | 459 | 405 | 54 |
| ജോമോൻ മാത്യൂ | Neemcake 50kg*36=1800,<br>Bonemeal 20kg*32=640 | 2440 | 1830 | 1575 | 255 |
| ആകെ അധികം നൽകിയത് | | 6205 | | | |

സബ്സിഡി ഇനത്തിൽ അധികം നല്കിയ ₹6205 ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

**<u>1-19 എസ്.എസ്.എ.വിഹിതം ഒടുക്കിയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല- ₹600000/-ചെലവ് തടസ്സം</u>**

| | |
|---|---|
| ബിൽ നം./തീയതി/തുക | 01/19-20/24.08.2019/ ₹300000 (ജനറൽ)<br>2/19-20/24.08.2019/₹300000( എസ്.സി.പി) |
| പ്രോജക്ടിന്റെ പേര് | എസ്.എസ്.എ. വിഹിതം - |

ഹെഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം എസ്.എസ്.എ.വിഹിതം ഒടുക്കുന്നതിലേക്കായി പ്രോജക്ട് ആവിഷ്കരിക്കുകയും ₹600000/- എസ്.എസ്.എ. പ്രോജക്ട് ഓഫീസർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ തൻവർഷം ചെലവഴിക്കാനുദ്ദേശിക്കുന്ന തുക, പ്രവർത്തന ഉദ്ദേശ്യങ്ങൾ എന്നിവ വ്യക്തമാക്കുകയോ പ്രസ്തുത ചെലവിന് ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുകയുടെ കൃത്യത വ്യക്തമാക്കുകയോ ചെയ്തിട്ടില്ല. പ്രോജക്ട് ഓഫീസർക്ക് നൽകിയ ₹600000/- വിനിയോഗിച്ച എന്ന മാത്രം രേഖപ്പെടുത്തിയ സാക്ഷ്യപത്രം ഫയലിൽ ചേർത്തിട്ടുണ്ട്. ആകെ പ്രതീക്ഷിത ചെലവ്, ആനുപാതികമായി പഞ്ചായത്ത് ഒടുക്കേണ്ട തുക എന്നിവ വ്യക്തമാക്കിയ ഡിമാന്റ് നോട്ടീസിന്റെ അഭാവത്തിൽ ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുക സർക്കാർ ഉത്തരവിൽ അനുശാസിക്കും പ്രകാരമുള്ള നിരക്കിലാണോ എന്നത് വ്യക്തമല്ല. ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ട രീതിയിലും അനുപാതത്തിലും തുക ചെലവഴിച്ച എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ ₹600000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

**<u>1-20 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക ക്രമീകരിച്ചിട്ടില്ല</u>**

2019-20 വർഷം ഓണം ഫെസ്റ്റിവൽ അഡ്വാൻസായി ഹെഡ് ക്ലർക്ക് ശ്രീ.കെ.പി കൃഷ്ണപിള്ള-യ്ക്ക് ₹15000/- മുൻകൂർ നൽകുകയും ₹6000/- തിരികെ ഈടാക്കുകയും ചെയ്തു. ബാക്കി തുക ₹9000/- യിൽ ₹6000/- എൻമകജെ ഗ്രാമ പഞ്ചായത്തിൽ നിന്നും ചെക്ക് നം 010707/13.7.2020 പ്രകാരം ഒടുക്കിയിട്ടുണ്ട്. ബാക്കി ₹3000/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

**<u>1-21 ഡെപ്പോസിറ്റ് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല</u>**

| | |
|---|---|
| പ്രോജക്ട് | S0113/20, പി.എച്ച്.സി.യിൽ കുഴൽകിണറും അനുബന്ധ ഉപകരണങ്ങളും വാങ്ങി സ്ഥാപിക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹292500/- (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ബിൽ നം./ തീയതി/തുക | 20/19-20/ 15.02.2020/ ₹249000/-<br>31/19-20/ 25.03.2020/ ₹43500/-<br>**ആകെ ₹ 292500/-** |

മേൽ പദ്ധതി പ്രകാരം കുഴൽ കിണർ നിർമ്മിക്കുന്നതിനായി മുകളിൽ സൂചിപ്പിച്ച ബിൽ പ്രകാരം ₹292500/- ഭൂജല വകുപ്പിൽ ഒടുക്കി 21.04.2020 ൽ കരാറിൽ ഏർപ്പെട്ടിട്ടുള്ളതാണ്. 06/2020 നമ്പർ കരാർ പ്രകാരം 02.05.2020 ൽ പ്രവൃത്തി ആരംഭിക്കേണ്ടതും 15.02.2021 ന് പ്രവൃത്തി പൂർത്തീകരിക്കേണ്ടതുമാണ്. എന്നാൽ നാളിതുവരെ കുഴൽകിണർ നിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു. പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**<u>1-22 സേവനാവകാശനിയമം- വിജ്ഞാപനം സംബന്ധിച്ച്</u>**

2012 ലെ കേരള സംസ്ഥാന സേവനാവകാശ ആക്ട് സെക്ഷൻ 3 പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനം അത് നൽകുന്ന സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, സേവനങ്ങൾ ലഭിക്കേണ്ട നിശ്ചിത സമയ പരിധി എന്നിവ ഉൾപ്പെടുത്തി വിജ്ഞാപനം നടത്തിയിട്ടുണ്ട്.

പഞ്ചായത്തിൽ ലഭിക്കുന്ന എല്ലാ സേവനങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി പൗരവകാശരേഖ പ്രസിദ്ധികരിച്ചിട്ടുണ്ട്. പഞ്ചായത്ത് ഓഫിസിൽ നിന്നും കൈമാറി കിട്ടിയ സ്ഥാപനങ്ങളിൽ നിന്നും സാമൂഹ്യ ആരോഗ്യ കേന്ദ്രം, വില്ലേജ് ഓഫീസ് തുടങ്ങിയ ഇടങ്ങളിൽ നിന്നും ജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങളെക്കുറിച്ചും അതിന്റെ നിബന്ധനങ്ങളെക്കുറിച്ചും വളരെ ലളിതമായി ഇതിൽ പ്രതിപാദിച്ചിട്ടുണ്ട്.

2012 ലെ കേരള സംസ്ഥാന സേവനാവകാശ ചട്ടങ്ങളിലെ ചട്ടം 12 പ്രകാരം നിയുക്ത ഉദ്യോഗസ്ഥൻ ഫോറം നമ്പർ IV ൽ ഒരു രജിസ്റ്റർ സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഈ രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

ജനങ്ങളുടെ അവകാശങ്ങൾ പരിപാലിക്കപ്പെടുന്നതിന് പഞ്ചായത്ത് ഭരണം സുതാര്യവും ജനസൗഹൃദപരവും ആക്കുക എന്ന ലക്ഷ്യത്തോടെ വിജ്ഞാപനം ചെയ്തിട്ടുള്ള നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിന് ഭരണസമിതി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

**<u>1-23 റിട്രോഫിറ്റിംഗ്-ചെലവ് നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>**

| | |
|---|---|
| പദ്ധതി നമ്പർ | S0090/2020 |
| പദ്ധതി | റിട്രോഫിറ്റിംഗ് |
| ചെലവ് | 127500/-കേന്ദ്രഫണ്ട് |

ഇടുക്കി ജില്ലാ ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 21-1-2019 ലെ 312/PBIG/2018/IDK നമ്പർ കത്ത് പ്രകാരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾക്ക് പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റ് അനുവദിച്ചിരുന്നു. കരിങ്കുന്നം ഗ്രാമപഞ്ചായത്തിന് ഈയിനത്തിൽ തൻവർഷം ₹430712/ ലഭ്യമായിട്ടുണ്ട്. ലഭ്യമായ തുകയിൽ ₹127500 റിട്രോഫിറ്റിംഗ് (നിലവിലുള്ള ഗാർഹിക ശൗചാലയങ്ങളുടെ മാലിന്യ സംസ്കരണ ഭാഗം അറ്റകുറ്റപ്പണി നടത്തി മെച്ചപ്പെടുത്തൽ ബി.പി.എൽ കുടുംബങ്ങൾക്ക് മാത്രം) എന്ന പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗനിർദ്ദേശ പ്രകാരം നിലവിലുള്ള ഗാർഹിക ടോയ്‌ലറ്റിന് യൂണിറ്റ് നിരക്കിന്റെ പരമാവധി 60% വരെ (15400 ന്റെ 60% ₹9240)തുക അനുവദിക്കാവുന്നതാണ്. ഇതിൽ 5000 രൂപ പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും ബാക്കി ഗ്രാമപഞ്ചായത്തിന്റെ തനത്/ പ്ലാൻ/ നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും വഹിക്കാവുന്നതാണെന്നും ഗ്രാമപഞ്ചായത്തിലെ ഓവർസിയർ വാല്യൂവേഷൻ എടുത്ത് യഥാർത്ഥ തുക മേൽപറഞ്ഞ ഇനങ്ങളിൽ നിന്നും ആനുപാതികമായി നൽകാവുന്നതാണ് എന്നും മേൽ കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വി.ഇ.ഒ തൻവർഷം നിർവ്വഹണം നടത്തിയ റിട്രോഫിറ്റിംഗ് എന്ന പദ്ധതിയിൽ, മേൽ നിർദ്ദേശം പാലിക്കാതെ പദ്ധതിച്ചെലവ് തുക ₹127500/(7500x17ഗുണഭോക്താക്കൾ) പൂർണ്ണമായും പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ഇപ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തുക ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്.

**1-24 തെരുവ് വിളക്കുകളുടെ പരിപാലനം- നിർദേശങ്ങൾ പാലിക്കുന്നില്ല**

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജായി, 2019-20 സാമ്പത്തിക വർഷം ₹130307/- K.S.E.B യിൽ ഒടുക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 17.08.2015-ലെ ജി2-44274/201543472/ഡി.സി.3 സർക്കുലർ പ്രകാരം ഓരോ മീറ്ററിംഗ് പോയിന്റിനും പ്രത്യേക കൺസ്യൂമർ നമ്പർ നൽകണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകൾ വാങ്ങുമ്പോൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ ഒഴികെ മറ്റ് രജിസ്റ്ററുകൾ പരിപാലിക്കുന്നില്ല. കൂടാതെ, മോണിറ്ററിംഗ് സമിതികളും രൂപീകരിച്ചിട്ടില്ല. രജിസ്റ്ററുകൾ പരിപാലിക്കുന്നതിനും കെ.എസ്.ഇ.ബി ലിമിറ്റഡുമായി ചേർന്ന് സർക്കാർ നിർദേശങ്ങൾ പാലിച്ച് സംയുക്ത പരിശോധന നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 16.09.2011 ലെ 3055/ ഡി.എ.3/2011, 29.05.2018ലെ 269/ഡി.എ.3/2018 സർക്കുലറുകളിലെ നിർദേശങ്ങൾ പാലിക്കേണ്ടതാണ്. പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**1-25 ലൈഫ് -പദ്ധതി അവലോകനം**

ലൈഫ് പദ്ധതിയ്ക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഹഡ്കോ ലോൺ | 0 | 1385956 | 1385956 | 1385956 | 0 |
| സംസ്ഥാന വിഹിതം | 0 | 1180000 | 1180000 | 1140000 | 40000 |
| ബ്ലോക്ക് വിഹിതം | 0 | 660000 | 660000 | 462647 | 197353 |
| പ്ലാൻ ഫണ്ട് | 0 | 1857353 | 1857353 | 1857353 | 0 |
| | | | | | |

ഗുണഭോക്താക്കളുടെ വിശദാംശം

| | |
|---|---|
| ആകെ ഗുണഭോക്താക്കൾ | 38 |
| പണി തുടങ്ങാത്തവർ | 4 |
| അടിത്തറ ഇട്ടവർ | 3 |
| ഭിത്തി പൂർത്തീകരിച്ചവർ | 1 |
| മേൽക്കൂര ഇട്ടവർ | 2 |
| പണിപൂർത്തീകരിച്ചവർ | 28 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പദ്ധതി-തെങ്ങ്,ജാതി കർഷകർക്ക് ജൈവവളം വിതരണം-സബ്സിഡി അധികം നല്കിയത്

പദ്ധതി-തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം

പദ്ധതി നമ്പർ-S0029/2020

ബിൽ നമ്പർ 2/19-20 തിയതി 16-12-2019 തുക ₹80735/-

ബിൽ നമ്പർ 6/19-20 തിയതി 6-2-2020 തുക ₹22140/-

2019-20 സാമ്പത്തിക വർഷം കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ തെങ്ങ്, ജാതി കർഷകർക്ക് ജൈവവളം വിതരണം എന്ന പദ്ധതിയുടെ നിർവ്വഹണത്തിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

തെങ്ങ്, ജാതി കൃഷി ചെയ്യുന്ന കർഷകർക്ക് 75% സബ്സിഡി നിരക്കിൽ ജൈവവളം വാങ്ങുന്നതിന് ധനസഹായം നല്കുന്ന പദ്ധതിയാണിത്. സ.ഉ(കൈ) നം22/2018/തസ്വഭവ തിയതി 14-2-2018 സബ്സിഡി മാർഗ്ഗ രേഖ ഖ6.1-1 പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾ ജൈവവളം വാങ്ങി ബിൽ ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡി തുക നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഹാജരാക്കിയിരിക്കുന്ന ബിൽ പ്രകാരം വിവിധ നിരക്കിലാണ് ഗുണഭോക്താക്കൾ വളം വാങ്ങിയിരിക്കുന്നത്. പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇടുക്കിയുടെ 19/12/2019 ലെ ടി.ബി(4)11514/19 ലെ കത്ത് പ്രകാരം ജൈവവളം കിലോഗ്രാമിന് ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടുണ്ട്. വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവയ്ക്ക് മേൽ ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന പരമാവധി വില കിലോഗ്രാമിന് ₹30/ആണ് . ആയതിന്റെ 75% മാത്രമാണ് പരമാവധി നൽകാവുന്ന സബസിഡി. എന്നാൽ നിശ്ചയിച്ചിട്ടുള്ള തുകയിൽ അംഗീകരിച്ച് സബ്സിഡി നൽകിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | വാങ്ങിയ വളം/ കി.ഗ്രാം/ | ആകെ വില | നല്കിയ സബ്സിഡി (75%) | നല്കാവുന്നത് | അധികം |
|---|---|---|---|---|---|
| കുഞ്ഞമ്മ ചാക്കോ | Neem Cake 10kg*36=360, 10kg*32=320 | 680 | 510 | 450 | 60 |
| ജെയിംസ് മാത്യു | Neem Cake 50kg*36<br>Bonemeal50kg*32 | 1800<br>1600 | 2550 | (2250 | 300 |
| ഭായ് മാത്യു | Bone Meal 100kg*32=3200, Neem Cake100kg*36=3600 | 6800 | 5000 | 4500 | 500 |
| ജോഷി ജേക്കബ് | Neem Cake50kg*36=1800, Bone Meal50kg*32=1600 | 3400 | 2550 | 2250 | 300 |
| ജെയ്സൺ ജേക്കബ് | Neemcake50kg*36=1800, Bone Meal44kg*32=1408 | 3208 | 2400 | 2115 | 285 |
| ജോസഫ് കെ.ജെ | Neemcake30kg*36=1080, Bonemeal30kg*32=960 | 2040 | 1530 | 1350 | 180 |
| സി.ജെ തോമസ് | Neemcake50kg*36=1800, 10kg*36=360 | 2160 | 1620 | 1350 | 270 |
| ജോണി ഓലിക്കൽ | Neemcake25kg*36=900, Bonemeal25kg*36=900 | 1800 | 1350 | 1125 | 225 |
| അനിൽ ജോർജ്ജ് | Neemcake50kg*36=1800, Bonemeal50kg*32=1600 | 3400 | 2550 | 2250 | 300 |
| ഇ.പി തങ്കപ്പൻ | Bonemeal31kg*32=992 | 992 | 740 | 697.5 | 42.5 |
| അഗസ്റ്റി ചാക്കോ | Neemcake 100kg*36=3600, | 5400 | 4050 | 3375 | 675 |

| | | | | | |
|---|---|---|---|---|---|
| | Bonemeal50kg*36=1800 | | | | |
| ജോസ് ചാണ്ടി | Bonemeal50kg*32=1600, Neemcake50kg*36=1800 | 3400 | 2550 | 2250 | 300 |
| സാബു കരുവിള | Neemake100kg*36=3600 | 3600 | 2700 | 2250 | 450 |
| സാജു മാത്യു | Bonemeal31kg*32=992 | 992 | 744 | 697.5 | 46.5 |
| വി.ററി മത്തായി | Bonemeal20kg*32=640, Neemcake20kg*36=720 | 1360 | 1020 | 900 | 120 |
| അന്നക്കുട്ടി ചാക്കോ | Bonemeal69kg*32=2208, Neemake50kg*36=1800 | 4008 | 3000 | 2677.5 | 322.5 |
| ജോസഫ് ഫിലിപ്പ് | Neemcake15kg*36=540, Bonemeal15kg*32=480 | 1020 | 765 | 675 | 90 |
| ജെയിംസ് മാത്യു | Neemcake50kg*36=1800, Bonemeal50kg*32=1600 | 3400 | 2550 | 2250 | 300 |
| ബീന അലക്സാണ്ടർ | Bonemeal63kg*32= | 2016 | 1512 | 1417.5 | 94.5 |
| ഉലഹന്നാൻ | Neemcake100kg*36=3600 | 3600 | 2700 | 2250 | 450 |
| ജോഷി ജേക്കബ് | Neemcake50kg*36=1800, Bonemeal50kg*32=1600 | 3400 | 2550 | 2250 | 300 |
| ജെയിസൻ ജേക്കബ് | Neemcake50kg*36=1800, Bonemeal44kg*32=1408 | 3208 | 2400 | 2115 | 285 |
| നളിനി ഗോപി | Neemcake9kg*36=324, Bonemeal9kg*32=288 | 612 | 459 | 405 | 54 |
| ജോമോൻ മാത്യു | Neemcake50kg*36=1800, Bonemeal20kg*32=640 | 2440 | 1830 | 1575 | 255 |
| ആകെ അധികം നൽകിയത് | | | | | 6205 |

സബ്സിഡി ഇനത്തിൽ അധികം നല്കിയ ₹6205 ഉത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-2020 | ഓഡിറ്റിനോടൊപ്പം പരിശോധിച്ചു | |

### 4-2 സംയുക്തപ്രോജക്കുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-2020 | 500000 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 325882 | 174118 |
| | 2019-2020 | 160000 | ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി) | 136765 | 23235 |
| | 2019-2020 | 127400 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 127400 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4000000 | കരിങ്കുന്നം പി എച്ച് സി വനിത കൗൺസിൽ ഹാൾ | 0 | 4000000 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഭൂജല വകുപ്പ | പി.എച്ച്.സിയിൽ കുഴൽകിണർ നിർമ്മാണവും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കൽ | 148/2020 | 292500 | 292500 | 0 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്**

ഇല്ല

**4-5 വായ്പ/വായ്പ തിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | മുൻബാക്കി ₹ | 2019-20 വായ്പ തുക ₹ | ആകെ ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി ജി.ഒ.എം.എസ്.100/2018/ 30.07.2018 | 3940000 | 1385956 | 5325956 | 500000 | 4825956 |

**4-6 സ്ഥിര നിക്ഷേപം**

ഇല്ല

**4-8 ഓഡിറ്റ് റിക്കവറി**

ഈയിനത്തിൽ തൻവർഷം ലഭിച്ച 2298 /-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-2019 | 2-2 | 558 | താജ് കുരുവിള, വെള്ളമറ്റത്തിൽ | 1119010101469/29.11.2019 |
| 2018-2019 | 2-2 | 1740 | അഫ്സൽ, പാലയംപറമ്പിൽ | 119010101587/12.12.2019 |

**4-9 ചാർജ്/സർചാർജ്**

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക ₹ (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക ₹ (തീയതി) | കോടതി വ്യവഹാരങ്ങളിൽ ₹ | | ആകെ ലഭ്യമായ തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2002-03 | 2-3 | റ്റി. കെ. സരസ്വതിയമ്മ സെക്രട്ടറി | LF-4970/ Spl.Cell/ SC2/06 13.02.07 | 5283 | | | | | | 5283 | |

**4-10 ഓഡിറ്റ് പ്രത്യവലോകനം**

## സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 37265056 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 36656857 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 8190 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6205 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 892500 |

**ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-18 | - | 6205 | ശ്രീ.ബോബൻ പോൾ,<br>കൃഷി ഓഫീസർ |
| 1-10 | 8190 | | ശ്രീമതി. ലീനാകുമാരി. കെ.ജി.<br>സെക്രട്ടറി |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 600000 | ശ്രീമതി. ഗീത പി.എസ്. ഹെഡ്മിസ്ട്രസ് |
| 1-21 | 292500 | ശ്രീമതി. ലീനാകുമാരി. കെ.ജി. സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.ബോബൻ പോൾ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കരിങ്കുന്നം ഗ്രാപഞ്ചായത്ത് | കുഴിപ്പിള്ളിക്കര നോർത്ത്,<br>കിഴമാടം പി.ഒ<br>പിൻ-686667 |
| ശ്രീമതി. ഗീത. പി.എസ് ഹെഡ് മിസ്ട്രസ് | ലഭ്യമല്ല | പുത്തൻപുരയ്ക്കൽ,<br>ആവോലി പി.ഒ. മൂവാറ്റുപുഴ |
| ശ്രീമതി. ലീനാകുമാരി. കെ.ജി. സെക്രട്ടറി | സെക്രട്ടറി, കരിങ്കുന്നം ഗ്രാമപഞ്ചായത്ത് | പ്ലാവില പുത്തൻവീട്,<br>ഏഴിയം പി.ഒ, അഞ്ചൽ,<br>കൊല്ലം |

**4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ-7/64/99/ 10.09.1999 | 1 | 28 |
| 1997-98 | എൽ.എഫ്.ഐ-7/707/200/<br>30.11.2000 | 5 | 33, 34, 35, 42, 43 |
| 1998-99 | എൽ.എഫ്.ഐ-7/172/2000/<br>31.07.2000 | 2 | 28, 29 |
| 1999- | എൽ.എഫ്.ഐ-7/250/2001/ | 6 | 24, 31, 32, 33, 37, 39 |

| | | | |
|---|---|---|---|
| 2000 | 15.10.2001 | | |
| 2000-01 | എൽ.എഫ്.ഐ-7/627/2001/ 15.10.2001 | 5 | 24, 25, 27, 28, 29 |
| 2001-02 | എൽ.എഫ്.ഐ-7/449/2003/ 13.05.2005 | 6 | 2-5, 2-7, 2-8, 2-9, 2-10, 2-11 |
| 2002-03 | എൽ.എഫ്.ഐ-7/227/2005/ 13.05.2005 | 2 | 2-3, 3-2 |
| 2003-04 | എൽ.എഫ്.ഐ-7/709/2007/ 14.05.2007 | 4 | 2-5, 3-1, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ-7/67/2008/ 03.09.2008 | 7 | 2-1, 3-1, 3-4, 3-5, 3-6, 3-7, 3-9 |
| 2005-06 | എൽ.എഫ്.ഐ-7/68/2008/ 09.09.2008 | 13 | 3-1, 3-3, 3-4, 3-5, 3-6, 3-8, 3-9, 3-10, 3-11, 3-14, 3-15, 3-17, 3-18 |
| 2006-07 | എൽ.എഫ്.ഐ-7/1807/ 17/17.03.18 | 17 | 2-1, 2-2, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9,3-10,3-11, 3-12, 3-14, 3-15, 3-16, 3-18, 3-20 |
| 2007-08 | എൽ.എഫ്.ഐ-7/456/17/ 21.04.17 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-5,3-6, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14, 3-15, 3-17, 3-18, 3-19,3-20 |
| 2008-09 | എൽ.എഫ്.ഐ-7/1497/ 16/26.12.16 | 17 | 2-2, 2-3, 2-4, 2-5, 2-6,2-7, 2-8,2-9,2-10,3-2, 3-3,3-4, 3-5,3-6,3-7,3-9, 3-10 |
| 2009-10 | എൽ.എഫ്.ഐ-7/737/16/ 24.11.16 | 12 | 2-1, 2-2, 3-1, 3-2, 3-3,3-4, 3-6, 3-7, 3-8, 3-9,3-10, 3-11 |
| 2010-11 & 2011-12 | എൽ.എഫ്.ഐ-7/1801/ 17/05.02.18 | 10 | 2-1, 2-2, 3-1, 3-2,3-3, 3-4, 3-5, 3-6,3-7,3-8 |
| 2012-13 & 2013-14 | എൽ.എഫ്.ഐ-7/1137/ 16/29.11.16 | 1 | 3-1 |
| 2014-15 | കെ.എസ്.എ.ഐ.ഡി.കെ-7/ 830/2016/23.06.2016 | 7 | 3-1, 3-4, 3-5, 3-6, 3-8, 3-9, 3-10 |

| | | | |
|---|---|---|---|
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ-7/ 183/18/17.03.18 | 7 | 2-2, 2-3, 2-4, 2-5, 3-1, 3-2, 3-3 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ-7/ 1753/2017/12.03.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4, 3-5,3-8,3-9, 3-13, 3-15, 3-16 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ-7/ 981/2018/04.10.18/07.11.18 | 12 | 2-1, 2-2, 2-3, 2-5,3-3, 3-4, 3-5,3-8,3-9, 3-13, 3-15, 3-16 |
| 2018-2019 | കെ.എസ്.എ.ഐ.ഡി.കെ-7/743/2019 | 22 | 2-1,2-2,2-3,2-4,2-5.2-6,2-7,3-1,3-2, 3-3,3-4,3-5, 3-6,3-7,3-8,3-9,3-10, 3-11,3-12,3-13,3-14,3-15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ഇടുക്കി

**<u>അനുബന്ധം-1</u>**

**<u>ഓഡിറ്റ് സാക്ഷ്യപത്രം</u>**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

ഇടുക്കി ജില്ലയിലെ കരിങ്കുന്നം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്